# നിങ്ങളുടെ യഥാർഥ ശത്രു

**വ്യക്തികൾക്കാകട്ടെ,** സമുദായങ്ങൾക്കാകട്ടെ, രാഷ്ട്രങ്ങൾക്കാകട്ടെ ശത്രുക്കളില്ലാതിരിക്കുക ഇക്കാലത്ത് തീരെ അപൂർവമാണ്. ആരാണ് നിങ്ങളുടെ ശത്രു? ചിലർ ഈ ചോദ്യത്തിന് വ്യക്തമായ മറുപടി പറയാനിഷ്ടപ്പെട്ടില്ല. ഇഷ്ടപ്പെടുന്നവർ തൊഴിലിലോ ബിസിനസ്സിലോ തന്നോട് മത്സരിക്കുന്ന, തന്റെ സൗഭാഗ്യങ്ങളിൽ അസൂയപൂണ്ട, തന്റെ സമ്പത്തും സ്ഥാനമാനങ്ങളും അഭിമാനവും കവരാൻ ശ്രമിക്കുന്ന കുറേയാളുകളെ ചൂണ്ടിക്കാണിക്കും. ഉത്തരം പറയാനിഷ്ടമില്ലാത്തവരുടെ മനസ്സിലുമുണ്ടാകും ഈവിധം കുറേ പേരുകൾ. ആ ആളുകളുടെയെല്ലാം ശത്രുക്കളുടെ പട്ടികയിൽ നിങ്ങളുടെ പേരുമുണ്ടാകും. എന്നാലോ അപരന് തന്നോടുള്ള വിരോധമല്ലാതെ തനിക്ക് അപരനോടുള്ള വിരോധം അധികമാരും സമ്മതിക്കുകയില്ല. കൊടിയ വിദ്വേഷത്തോടെ അപരനെ ദ്രോഹിച്ചുകൊണ്ടിരിക്കുന്നവനും വാചാലനാവുക, അപരന്റെ വിരോധത്തെയും അവൻ തനിക്കുണ്ടാക്കുന്ന ദുരിതങ്ങളെയും കുറിച്ചായിരിക്കും. സാമൂഹികജീവിയായ മനുഷ്യന്റെ സാമാന്യ പ്രകൃതി സമസൃഷ്ടി വിരോധത്തെ അംഗീകരിക്കുന്നില്ല എന്നതാണ് കാര്യം.

വാസ്തവത്തിൽ മനുഷ്യർക്ക് മനുഷ്യർ ശത്രുക്കളാകുന്നില്ല. മനുഷ്യർ മനുഷ്യവിരോധിയുടെ ആയുധങ്ങളും പിണിയാളുകളുമായിത്തീരുമ്പോഴാണ് പരസ്പരം ശത്രുക്കളായിത്തീരുന്നത്. നമ്മുടെ യഥാർഥ ശത്രു ആരാണെന്ന് മനുഷ്യാരംഭത്തിൽതന്നെ സ്രഷ്ടാവായ അല്ലാഹു വ്യക്തമായി ചൂണ്ടിക്കാണിച്ചുതന്നിട്ടുണ്ട്. ആദിപിതാവ് ആദമിനോട് അല്ലാഹു പറഞ്ഞു: "അല്ലയോ ആദം, ഇവൻ (ചെകുത്താൻ) തീർച്ചയായും നിന്റെയും നിന്റെ ഭാര്യയുടെയും ശത്രുവാകുന്നു" (ഖുർആൻ 20:117). "ചെകുത്താൻ മനുഷ്യന്റെ തുറന്ന ശത്രുവാകുന്നു" (12:5, 20:123, 17:53). "അവനെ മനുഷ്യർ ശത്രുവായിത്തന്നെ സ്വീകരിക്കണം" (35:6). "ചെകുത്താന്റെ കാൽപാടുകൾ പിന്തുടരാതിരിക്കുവിൻ" (2:168,208). ഇത്തരം താക്കീതുകൾ അല്ലാഹു ധാരാളം ആവർത്തിച്ചിട്ടുണ്ടെങ്കിലും തന്റെ യഥാർഥ ശത്രുവിനെ കണ്ടെത്തുന്നതിൽ മനുഷ്യൻ നിരന്തരം പരാജയപ്പെടുകയാണ്.

യഥാർഥ ശത്രുവിനെ നാം നേരിൽ കാണുന്നില്ല. "അവൻ നിങ്ങളെ കാണുന്നു, നിങ്ങൾ അവനെ കാണാത്ത നിലയിൽ" (7:27). മുഖാമുഖം കാണുന്ന ശത്രുവിനെ നേരിടുക താരതമ്യേന എളുപ്പമാണ്. അവന്റെ ബലവും വ്യാപ്തിയും തന്ത്രങ്ങളും ആയുധങ്ങളുമെല്ലാം നമുക്കറിയാം. കാണാത്ത ശത്രുവിനെക്കുറിച്ച് ഇക്കാര്യങ്ങളൊന്നും അറിഞ്ഞുകൂടാ. എന്നാൽ ചെകുത്താനാവട്ടെ, നമ്മെ വലയം ചെയ്തിരിക്കുന്നു. നമ്മുടെ ഇടത്തും വലത്തും മുന്നിലും പിന്നിലും താഴെയും മുകളിലുമെല്ലാം അവനുണ്ട്. അവന്റെ ആയുധങ്ങളുണ്ട്, ചതിക്കുഴികളുണ്ട്. അവന് നിയതമായ രൂപമില്ല. എല്ലാ രൂപങ്ങളും അവൻ സ്വീകരിക്കുന്നു. ഉറ്റമിത്രമായും ഉടപ്പിറപ്പായും ഗുണകാംക്ഷിയായും നേതാവായും ആചാര്യനായുമെല്ലാം അവൻ നമ്മുടെ മുമ്പിൽ വരുന്നു.

നമുക്ക് വളരെ കാലം ആളുകളെ പറ്റിക്കാൻ കഴിയും. ചിലപ്പോൾ നമ്മെപ്പോലും നാം പറ്റിച്ചുകളയും. നമ്മുടെ ഹാവഭാവാദികളും വേഷഭൂഷാദികളും കണ്ട് മറ്റുള്ളവർ പറയും: എന്തു നല്ല മനുഷ്യൻ, എത്ര ദയാലു, എത്ര നല്ല മുത്തഖി! പക്ഷേ നമുക്കറിയാം, നമ്മുടെ മനസ്സിലുള്ള പരവിദ്വേഷവും ക്രൗര്യവും ആർത്തിയും ഹീനവികാരങ്ങളും ദുർമോഹങ്ങളുമൊക്കെ. നമ്മേക്കാളേറെ അതൊക്കെ അല്ലാഹുവിനുമറിയാം. അവയെല്ലാം ചെകുത്താന്റെ ബഹുകൃത വേഷമാണെന്നും അവൻ അറിയുന്നു.

മാനവ മാർഗദർശനാർഥം അല്ലാഹു അവതരിപ്പിച്ചുതന്ന വേദമാണല്ലോ വിശുദ്ധ ഖുർആൻ. ആ വിശുദ്ധ വേദം ഉൾക്കൊള്ളുന്ന, ജീവിതത്തിന്റെ ലക്ഷ്യവും അർഥവും; വിശദീകരിച്ചുതരുന്ന, ഓരോ ജീവിതസന്ധിയിലും പാലിക്കേണ്ട ധർമനീതികളും വായിച്ചുതീരുമ്പോൾ ഒടുവിൽ നാം എത്തിച്ചേരുന്നത് ഒരു ശരണാർഥനയിലാണ്; സൂറഃ *അന്നാസ്*. വിശുദ്ധ വേദത്തിന്റെ പരിസമാപ്തി, മനുഷ്യരെ നിരന്തരം ദുർബോധനം ചെയ്തുകൊണ്ടിരിക്കുന്ന, ജിന്നിലും മനുഷ്യരിലും പെട്ട ചെകുത്താന്മാരുടെ ദ്രോഹത്തിൽനിന്ന് മനുഷ്യന്റെ വിധാതാവും യഥാർഥ രാജാവും ദൈവവുമായ അല്ലാഹുവിൽ ശരണം തേടിക്കൊണ്ടായത് യാദൃഛികമല്ല. ചെകുത്താന്റെ പിടിയിൽനിന്ന് മനുഷ്യനെ മോചിപ്പിക്കുകതന്നെയാണ് ഖുർആന്റെ അവതരണലക്ഷ്യം.

ചെകുത്താൻ ജനകോടികളെ കീഴടക്കിക്കൊണ്ടിരിക്കുന്നത് സ്വന്തമായി സംഘടിപ്പിച്ച വൻ സൈന്യമോ ഭീകരായുധങ്ങളോ ഉപയോഗിച്ചുകൊണ്ടല്ല. മനുഷ്യരാണ് അവന്റെ സൈന്യം. അവരുടെ ആയുധങ്ങളാണ് അവന്റെ ആയുധങ്ങൾ. അജയ്യനെന്ന് തെറ്റിദ്ധരിക്കപ്പെടുന്ന ചെകുത്താൻ വാസ്തവത്തിൽ അതീവ ദുർബലനാകുന്നു. മനുഷ്യമനസ്സിൽ ദുർമന്ത്രണം നടത്താൻ മാത്രമേ അവനു കഴിയൂ. നമ്മൾ മനുഷ്യർ സ്വമേധയാ ആ ദുർമന്ത്രണങ്ങൾക്ക് വഴങ്ങുകയാണ്. അപ്പോൾ നമ്മൾ നമ്മുടെ തന്നെ ശത്രുക്കളും ചെകുത്താന്റെ മിത്രങ്ങളുമായിത്തീരുന്നു. ഈ യാഥാർഥ്യം വേണ്ടവണ്ണം ഗ്രഹിച്ചാൽ ചെകുത്താനെ നേരിടുന്നതിൽ നാം പകുതി ദൂരം പിന്നിട്ടു. പ്രവാചകചര്യയോടുള്ള പ്രതിബദ്ധതയിലൂടെ, സജ്ജനസമ്പർക്കത്തിലൂടെ, ആത്മവിചാരണയിലൂടെ ബാക്കി പകുതി ദൂരം പിന്നിടാനുള്ള കരുത്ത് ലഭിക്കുന്നു.

ശരീരത്തിലൂടെ, അതിന്റെ കാമനകളിലൂടെയാണ് ചെകുത്താൻ നമ്മെ ആവേശിക്കുന്നത്. അവൻ ആത്മാവിനെ ജഡത്തിന്റെ നിയന്ത്രണത്തിലാക്കാൻ ശ്രമിക്കുന്നു. നേരെ വിപരീതമായി ജഡത്തെ ആത്മാവിന്റെ നിയന്ത്രണത്തിലാക്കാനുള്ള യജ്ഞമാണ് വ്രതാനുഷ്ഠാനം. അത് മനുഷ്യനെ അല്ലാഹുവിനോടടുപ്പിക്കുന്നു. അല്ലാഹുവിനോടടുത്തുകൊണ്ടിരിക്കുന്നവരെ കീഴടക്കാൻ ചെകുത്താന് സാധിക്കുകയില്ല. അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നു: "എന്റെ യഥാർഥ ദാസന്മാരിൽ നിനക്ക് യാതൊരു സ്വാധീനവുമുണ്ടായിരിക്കുകയില്ല" (15:42, 17:65). അകത്തളങ്ങളിലൊളിച്ചിരിക്കുന്ന ചെകുത്താന്മാരെ കണ്ടെത്താനും പുറത്തു ചാടിക്കാനും ഈ വിശുദ്ധ റമദാൻ എല്ലാ വിശ്വാസികളെയും സഹായിക്കുമാറാകട്ടെ. ■